## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2122 — 18/07/2016 - ൽ മറുപടി നല്കേണ്ടത്

**ലഹരി വസ്തുക്കളുടെ ഉപയോഗം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുള്ള | പ്രൊ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) സ്കൂളുകളിൽ കുട്ടികൾ ബൈക്കും മൊബൈലും ഉപയോഗിക്കുന്നതിലൂടെ ലഹരി വസ്തുക്കളുടെ ഉപയോഗമടക്കം മറ്റ് അനഭിലഷണീയമായ കാര്യങ്ങൾക്കും കുട്ടികൾക്ക് സൗകര്യം കൂടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ സ്കൂളുകളിൽ വിദ്യാർത്ഥികൾ ബൈക്കും മൊബൈലും ഉപയോഗിക്കുന്നത് നിരോധിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം നിരോധിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗങ്ങൾക്കെതിരെ എം.4/6601/2016/ഡി.പി.ഐ തിയതി. 26/05/2016 എന്ന സർക്കുലർ പ്രകാരവും നിയമാനുസൃതം ലൈസൻസില്ലാതെയും മദ്യപിച്ചും വാഹനമോടിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ നിയമാനുസൃത ലൈസൻസില്ലാതെയോ ഹെൽമെറ്റ് ധരിക്കാതെയോ വിദ്യാർത്ഥി വാഹനങ്ങൾ സ്കൂളിൽ കൊണ്ടു വന്നാൽ പ്രസ്തുത വാഹനങ്ങൾ സ്കൂൾ അധികാരി നിയന്ത്രണത്തിലാക്കി മോട്ടോർ വാഹന |

വകുപ്പിനേയോ പോലീസിനേയോ വിവരം അറിയിക്കണം എന്നും കുട്ടിയുടെ രക്ഷ കർത്താവിനെ വിവരം അറിയിച്ച് ഒരിക്കലും കുട്ടിയ്ക്ക് വാഹനം തിരിച്ച് നല്കാൻ പാടില്ല എന്നും കാണിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ